പതിനാലാം കേരള നിയമസഭ

പതിനെട്ടാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*114

06/02/2020-ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. ഐ.ബി. സതീഷ് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്താകെയുള്ള സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ ഇരുപത്തിയേഴ് ശതമാനത്തോളം മാനദണ്ഡപ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്തവയാണെന്നതിന്റെ പശ്ചാത്തലത്തിൽ ആയതിന്റെ കാരണം വിശകലനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തതിന് ഓരോ സ്കൂളിനും ഒരേ കാരണമാകില്ല എന്നാണ് പൊതു അനുമാനം. ഓരോ സ്ഥാപനത്തിലേയും വസ്തുനിഷ്ഠ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ഒരു പ്രാഥമികശ്രമം നടത്തിയിരുന്നു ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ അവസ്ഥാ പഠനം ഓരോ സ്ഥാപനവും അടിസ്ഥാനപ്പെടുത്തി നടത്തുന്നതിനും പരിഹാര പ്രവർത്തനങ്ങൾ അതതു സ്ഥാപനതലത്തിൽ നിർവ്വഹിക്കുന്നതിനും വേണ്ടി 23/01/2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു<br>2019-20 അദ്ധ്യയന വർഷത്തിൽ നിലനിൽക്കാൻ വേണ്ടത്ര കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളായി കണക്കാക്കിയിട്ടുള്ള 1483 സർക്കാർ വിദ്യാലയങ്ങളും 1669 എയ്ഡഡ് വിദ്യാലയങ്ങളും ഉൾപ്പെടെ 3152 വിദ്യാലയങ്ങളിലേയും കുട്ടികളുടെ കുറവിനുള്ള ഒരു പ്രധാന കാരണമായി കണക്കാക്കുന്നത് ജനസംഖ്യാ ഘടനയിൽ ശിശുജനന നിരക്കിലുണ്ടായ വലിയ കുറവാണ്. കൂടാതെ സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങളുടെ കുറവും അക്കാദമിക നിലവാരം സംബന്ധിച്ച താരതമ്യവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ താൽപര്യവും സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലെ കുറവിന് കാരണമായിട്ടുള്ളതായി കണക്കാക്കുന്നു |
| (ബി) സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ വർദ്ധിച്ച സാഹചര്യത്തിലും ഈ സ്കൂളുകളിലേക്ക് മതിയായ എണ്ണം കുട്ടികളെ ആകർഷിക്കാൻ കഴിയാതെ പോയതിനാൽ ഇവയുടെ അക്കാദമിക പരിസരം മികവുറ്റതാക്കുന്നതിന് പ്രത്യേക | (ബി) പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കുട്ടികളുടെ എണ്ണം കുറവുള്ള സ്കൂളുകളിൽ പ്രത്യേക ശ്രദ്ധ നൽകി വിവിധ അക്കാദമിക ഇടപെടലിലൂടെ കൂടുതൽ കുട്ടികളെ എൻറോൾ ചെയ്യുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കഴിഞ്ഞ അക്കാദമിക വർഷം നടത്തിയ പ്രവർത്തനങ്ങൾ അനുകൂലമായ ഫലമാണ് ഉളവാക്കിയിട്ടുള്ളത്. ഇത്തരം സ്കൂളുകൾക്കായി പ്രത്യേക പ്രവർത്തന പദ്ധതി |

ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

നിർവ്വഹണത്തിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 23/01/2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു

(സി) മാസ്റ്റർ പ്ലാനിന്റെയടിസ്ഥാനത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള നാല് സ്കീമുകൾ പ്രകാരം സ്കൂളുകൾ നവീകരിക്കുന്നതിന് നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി എന്തെല്ലാം, വ്യക്തമാക്കുമോ?

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 10 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ഫെബ്രുവരി മാസം പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു. 52 സ്കൂളുകളിൽ 60% -ൽ അധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 28 സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 67 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ, കിഫ്ബി അംഗീകാരം ലഭ്യമായ 39 സ്കൂളുകളിൽ 37 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വിയായി വാപ്കോസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു 14 എണ്ണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1

കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2018-19 അദ്ധ്യയന വർഷം അടിസ്ഥാന സൗകര്യവികസനത്തിനായി പ്ലാൻ ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ 185 സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൈറ്റിന്റെ നേതൃത്വത്തിൽ 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉൾപ്പെടെ 12149 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ 292 കോടി രൂപയുടെ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കി.

Namitha. P

**സെക്ഷൻ ഓഫീസർ**